(എ) വൈദ്യുത ഉപകരണങ്ങൾ ഇല്ലാത്തതുകൊണ്ട് സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ലൈൻ വലിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ ചൊക്ലി, പാനൂർ, പാട്യം, പാറാട് സെക്ഷനുകളിൽ വരുന്ന പ്രദേശങ്ങളിൽ ഉപകരണങ്ങൾ വിതരണം ചെയ്യാൻ ഇല്ലാത്തത് കാരണം വൈദ്യുതി കണക്ഷന് വേണ്ടിയുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സെക്ഷൻ ഓഫീസിന് കീഴിൽ വൈദ്യുതി എത്തിക്കാനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധനസാമഗ്രികൾ വാങ്ങുന്നതിന് അതാത് റീജിയണിലെ ചീഫ് എഞ്ചിനീയർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിന് അതാത് റീജിയണിലെ ചീഫ് എഞ്ചിനീയർമാരെയും, അടിയന്തിര ഘട്ടങ്ങളിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെയും സാധനങ്ങൾ വാങ്ങുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജലവൈദ്യുത പദ്ധതികൾക്ക് പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി

76 [381] ശ്രീ. പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ജലവൈദ്യുത പദ്ധതികളാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തത് കാരണം പണി തുടങ്ങാൻ സാധിക്കാതെ കിടക്കുന്നത്;

(ബി) കേന്ദ്രത്തിന്റെ അനുമതി ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(380)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തതു കാരണം പണി തുടങ്ങാൻ സാധിക്കാതെ കിടക്കുന്ന വൈദ്യുത പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

(ബി) പ്രസക്തമല്ല.

തെർമൽ പവർ പദ്ധതികളിൽനിന്നുമുള്ള ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

77 [385] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവ്വർ സർവ്വേ കമ്മീഷൻ കണക്കാക്കിയിട്ടുള്ളത് പ്രകാരം 2007 ആകുമ്പോഴേക്കും കേരളത്തിന്റെ വൈദ്യുതാവശ്യം എത്രയായിരിക്കും;

(ബി) സംസ്ഥാനത്ത് നിലവിലുള്ള തെർമൽ പവർ പ്രോജക്ടുകൾ സംസ്ഥാനത്തിന്റെ ആവശ്യത്തേക്കാളും അധികമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) മഴയും റിസർവ്വോയറുകളിലേക്കുള്ള നീരൊഴുക്കും കുറയുന്ന സാഹചര്യത്തിലും, തെർമൽ പവ്വർ പദ്ധതികളിൽനിന്നുള്ള ഉല്പാദനം നടത്താതെ തന്നെ സ്റ്റേറ്റിന്റെ വൈദ്യുതി ആവശ്യം നിറവേറ്റാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) തെർമൽ പവ്വർ പദ്ധതികളുടെ ഉല്പാദന ശേഷി പൂർണ്ണമായും ബോർഡ് പ്രയോജനപ്പെടുത്താതിരുക്കുന്നത് എന്തുകൊണ്ടാണ്; ഇവയുടെ ഇന്ധനം എൽ. എൻ. ജി. ആക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഇ) റിസർവ്വോയറുകളിലേക്കുള്ള നീരൊഴുക്കിലെ വ്യതിയാനം പരിഗണിച്ച് ജല/താപ വൈദ്യുതി പദ്ധതികളുടെ ഉല്പാദനം നിശ്ചിത മതാതിൽ ക്രമീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്?

ഉത്തരം

(എ) 16-ാം സർവ്വേ പ്രകാരം 2007 ആകുമ്പോഴേക്കും കേരളത്തിന്റെ വൈദ്യുതാവശ്യം 4304 MW-ഉം, 22998 MU-ഉം ആയി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) സംസ്ഥാനത്തെ തെർമൽ പദ്ധതികൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില വളരെ ഉയർന്ന നിരക്കിലാണ്. ആയതുകൊണ്ട് ജല വൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനവും കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വില കുറഞ്ഞ വൈദ്യുതിയും ലഭ്യമാക്കിയിതിനുശേഷം ആവശ്യമായി വരുന്ന വൈദ്യുതിയാണ് സംസ്ഥാനത്തെ തെർമൽ സ്റ്റേഷനുകളിൽ ഉല്പാദിപ്പിക്കുന്നത്. നിർദ്ദിഷ്ട എൻ. എൽ. ജി. ടെർമിനലിന്റെ പണി പൂർത്തിയാവുന്നതനുസരിച്ച് ഇന്ധനം എൽ. എൻ. ജി. ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കും.

(ഇ) ക്രമീകരിച്ചിട്ടുണ്ട്.

---

(382), (383), (384) എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly